(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-13/1618/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ

ഫോൺ നം. : 04862 227332

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 24.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇടുക്കി ബ്ലോക്ക്പഞ്ചായത്ത്

സർ

വിഷയം : ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-13/1618/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ

ഫോൺ നം. : 04862 227332

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 24.11.2017

## ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

*************************

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.03.2017 മുതൽ 12.11.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളിദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.11.2017 മുതൽ 16.11.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. അഗസ്റ്റി അഴകത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. പി. എ. മുഹമ്മദ് സലിം | 01.04.2016 മുതൽ 15.06.2016 വരെ<br>20.06.2016 മുതൽ 17.07.2016 വരെ |
| | ശ്രീമതി. എസ്. സുമതിക്കുട്ടി | 16.06.2016 മുതൽ 19.07.2016 വരെ |
| | ശ്രീ. പി. കെ. വിശ്വൻ | 18.07.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. | ഡോ. രഞ്ജിനി ജോൺസൺ | 01.04.2016 മുതൽ<br>31.03.2017വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം | ഡോ. കെ. ആർ. സുരേഷ് | 01.04.2016 മുതൽ<br>31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സോഫിയമോൾ | 01.04.2016മുതൽ<br>31.03.2017വരെ |

| | | |
|---|---|---|
| കൃഷി അസി. ഡയറക്ടർ | ശ്രീമതി. ആൻസി തോമസ് | 01.04.2016മുതൽ 31.03.2017വരെ |
| അസി. എക്സി. എഞ്ചിനീയർ | ശ്രീ. സോമരാജൻ | 01.04.2016മുതൽ 23.09.2016 വരെ |
| | ശ്രീമതി. ലിസ്സി തോമസ് | 24.09.2016 മുതൽ 19.12.2016 വരെ |
| | ശ്രീ. കെ. എം. ഉഷാനന്ദൻ | 20.12.2016 മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി. ശ്രീകല എസ്. | 01.04.2016 മുതൽ 20.07.2016 വരെ |
| | ശ്രീമതി. ശാലിനി പ്രഭ | 21.07.2016 മുതൽ 31.03.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ആർ.സുധീർ | 01.04.2016 മുതൽ 04.06.2016 വരെ |
| | ശ്രീ. അരുൺ കുമാർ സി. | 05.06.2016 മുതൽ 05.01.2017 വരെ |
| | ശ്രീ. സി.ഡി. രാധാകൃഷ്ണൻ | 06.01.2017 മുതൽ 30.01.2017 വരെ |
| | ശ്രീമതി.ആനിയമ്മ ഫ്രാൻസിസ് | 31.01.2017 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 (പൊതു അവലോകനം) | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം – 2 (വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 13 | സാംഖ്യ രസീതുകളുടെ വിതരണം സംബന്ധിച്ച് | 2-1 |
| 14 | വാടക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 2-2 |
| 15 | സി.എച്ച്.സി. ക്വാർട്ടേഴ്സ്-വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-3 |
| 16 | ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ, ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-4 |
| | ഭാഗം – 3 (ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 17 | വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല തടസ്സം ₹7,08,093/- | 3-1 |
| 18 | പദ്ധതി രൂപീകരണം - നിർവ്വഹണം മോണിട്ടറിംഗ് – അപാകതകൾ | 3-2 |
| 19 | ജവഹർ ഭവന നിർമ്മാണം പലിശ നൽകിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 |

| | | |
|---|---|---|
| 20 | ഐ.എ.വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് | 3-4 |
| 21 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - അധിക തുക പിൻവലിച്ചു | 3-5 |
| 22 | ഫയൽ ഹാജരാക്കിയില്ല | 3-6 |
| 23 | സി.ഡി.പി.ഒ. പദ്ധതികൾ നടപ്പാക്കിയില്ല | 3-7 |
| 24 | ഐ.എ.വൈ. അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 3-8 |
| | ഭാഗം – 4 (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


**********************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,65,05,061 |
| വരവ് | ₹12,52,93,737 |
| ആകെ | ₹15,17,98,798 |
| ചെലവ് | ₹10,56,34,520 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹4,61,64,278 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 38336759 | 38336759 | 21356942 | 55.70 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 4547226 | 4547226 | 3028914 | 66.61 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 7981743 | 7981743 | 4686495 | 58.71 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 5957421 | 5957421 | 1317066 | 22.10 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 84019524 | 56 | 30389417 | 1 | 41 | 57.14 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം (-6.2) ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 19246 | 221706 | 202460 | 1051.95 |
| മറ്റ് വരവുകൾ | 576681 | 337243 | (-)239438 | 41.56 |
| ആകെ | 595927 | 558949 | 36978 | (-)6.2 |

## 1-8 ക്ഷേമ പദ്ധതികൾ

- ബാധകമല്ല -

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം

***1)*** *സ്റ്റോക്ക് രജിസ്റ്റർ :*

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല.ഓരോ സാമ്പത്തിക വർഷവും വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ഓരോ ഇനത്തിലും നിലവിൽ പഞ്ചായത്തിൽ എത്ര ഫർണിച്ചറുകൾ, സാധനങ്ങൾ ഉണ്ടെന്ന് വ്യക്തമാകുന്ന വിധത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തേണ്ടതും സെക്രട്ടറിമാർ ചാർജ് ഹാൻഡ് ഓവർ ചെയ്യുന്ന സമയത്ത് സ്റ്റോക്ക് കൈമാറ്റം ചെയ്യേണ്ടതുമാണ്.

***2)*** *കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ :*

കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് 24.09.2014ലെ 86/2010/ഫിൻ. സർക്കുലറിൽ അനുശാസിക്കുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ ഇത്തരമൊരു രജിസ്റ്റർ പരിപാലിക്കുന്നില്ല. വ്യാജ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2008-09 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2015 മുതൽ 26.02.2015 | 2009-10 മുതൽ 2013-14 വരെ | 11.05.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല. |
| 2. | ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. |
| 3. | എസ്.സി.ബി. വാഴത്തോപ്പ് അക്കൗണ്ട് നം 20059ൽ 31.03.2017ൽ ₹21,87,19,250/- ബാലൻസുണ്ട്. എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

***********************

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകളുടെ വിതരണം സംബന്ധിച്ച്

ബ്ലോക്ക്പഞ്ചായത്തിൽ സാംഖ്യ രസീതുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആളുകൾക്ക് സാംഖ്യ രസീതുകൾ വിതരണം ചെയ്യുന്നതായും ഡേ ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നതായും കാണുന്നില്ല. സർക്കുലർ നമ്പർ 48544/എ,ബി-1/13/ തസ്വഭവ/തീ.22.04.2014 പ്രകാരം സാംഖ്യ രസീതുകൾ കൃത്യമായി സൂക്ഷിക്കുകയും ഡേ ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-2 വാടക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

ബ്ലോക്ക്പഞ്ചായത്തിൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമായിട്ടില്ല. കൂടാതെ ബ്ലോക്ക്പഞ്ചായത്ത് വക റോഡ് റോളറിന്റ വാടക നിശ്ചയിച്ച് കൊണ്ടുള്ള കമ്മിറ്റി തീരുമാനം, വാടക ഈടാക്കുന്ന വിശദ വിവരങ്ങൾ, ഉപയോഗിക്കുന്ന ദിവസം, മീറ്റർ റീഡിംഗ്, വാടക ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ രേഖകളും സൂക്ഷിക്കുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിന് സഹായിക്കുന്ന വാടക സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥ ഭാഗത്തു നിന്നുള്ള അലംഭാവം അപലപനീയമാണ്.

## 2-3 സി.എച്ച്.സി. ക്വാർട്ടേഴ്സ്-വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാത്തിക്കുടി, കഞ്ഞിക്കുഴി സി.എച്ച്,സി.-കളോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളുടെ വാടക നിലവിൽ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല. ഭാവിയിൽ ക്വാർട്ടേഴ്സ് വാടക ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 വർഷം വിവിധ മരാമത്ത് വേലകൾക്ക് ഇ-ടെണ്ടർ സമർപ്പിച്ചുവഴി വിവിധ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ഒടുക്കിയ തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല. നിലവിൽ ഇടുക്കി എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ തുക ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*********************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല തടസ്സം ₹7,08,093/-

1) ആയുർവ്വേദം ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| പ്രോജക്ട് നമ്പർ | Soo5/2017 |
| ബിൽ നമ്പർ | 1/16-17/3-3-17,₹5,10,000/- |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ സ്നേഹധാര പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി ബിൽ നം.1/16-17/03-03-2017 പ്രകാരം ₹5,10,000/- പിൻവലിച്ച് 07.03.2017-ൽ ഔഷധിക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹58,725/-ന്റെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹4,51,275/- തുകയുടെ മരുന്നുകൾ ഇനിയും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ₹4,51,275/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2) സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ആഫീസർ സി.എച്ച്.സി. വാത്തിക്കുടി |
| പ്രോജക്ട് നമ്പർ | Soo28/2017 |
| ബിൽ നമ്പർ | 3/16-17/19-12-16, ₹5,75,000/ |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. വാത്തിക്കുടി) നടപ്പാക്കിയ സി.എച്ച് .സി.-കൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി ബിൽ നം.3/16-17/19-12-2016പ്രകാരം ₹5,75,000/- പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവന്തപുരത്തിന് DD. No.831207/20.01.2017 പ്രകാരം ₹5,75,000/- നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹3,18,152/-ന്റെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹2,56,818/- മരുന്നുകൾ ഇനിയും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ₹2,56,818/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ച്

ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പദ്ധതി രൂപീകരണം - നിർവ്വഹണം മോണിട്ടറിംഗ് - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 68/17 |
| ബിൽ നം | 0340143/16-17/തീ. 14.02.2017, ₹1,50,000/- |

2015-16ലെ പദ്ധതി രൂപീകരണ ചെലവുകൾക്കായി തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ സൂചിത ബിൽ പ്രകാരം ₹1,50,000/- പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ചെലവുകളിൽ അപാകതകൾ കാണുന്നു.

| ക്രമനം | ചെലവ് വിവരം | | അപാകത |
|---|---|---|---|
| 1 | മെഗാ ഡിജിറ്റൽ സ്റ്റുഡിയോ, ചെറുതോണി | 750 | 2015-16ൽ ഉൾപ്പെടുത്തി ചെലവ് കാണിച്ചിരിക്കുന്നു. എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 2 | പ്രിന്റിംഗ് ചാർജ്ജ് സൈബീരിയ പ്രിന്റേഴ്സ് ചെറുതോണിയുടെ ബിൽ - | 103930 | ക്വട്ടേഷൻ നടത്തി സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല |
| 3 | ബേസിൽ ഇലക്ട്രോണിക്സ്, ചെറുതോണിക്ക് നൽകിയത് | 11120 | 2014-15ലെ ചെലവ് വിവരങ്ങൾ ലഭ്യമല്ല. |
| 4. | ലാൽ കൃഷ്ണ തടിയമ്പാട് ഭക്ഷണം<br>സൈബീരിയ ചെറുതോണി<br>കാദംബരി ഹോട്ടലിന് നൽകിയത്<br>- ടി- | 11760<br>600<br>9100<br>12740 | 2014-15 പദ്ധതി രൂപീകരണത്തിന്റെ ചെലവ്. 2015-16ൽ ഉൾപ്പെടുത്തി ചെലവ് കാണിച്ചിരിക്കുന്നു |
| | ആകെ | 150000 | |

മേൽ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ് ജക്ഷൻ നം. **10/17.11.2017**ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിലുണ്ടായ ₹1,50,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ജവഹർ ഭവന നിർമ്മാണം പലിശ നൽകിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 340145/16-17/28.02.2017 | 4,07,839 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജവഹർ ഭവന നിർമ്മാണത്തിന് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് പലിശയിനത്തിൽ തുകകൾ നൽകിയിട്ടുണ്ടെങ്കിലും ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, രസീത് തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക ₹ |
|---|---|
| വാഴത്തോപ്പ് | 1,29,625 |
| വാത്തിക്കുടി | 59,536 |
| അറക്കുളം | 2,678 |
| ഇടുക്കി-കഞ്ഞിക്കുഴി | 2,16,000 |
| ആകെ | 4,07,839 |

രേഖകളുടെ അഭാവത്തിൽ ₹4,07,839/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

ബ്ലോക്ക്പഞ്ചായത്തിന്റെ ഇന്ദിരാ ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ 2008-09 മുതൽ 2016-17 വരെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2008-09 | 248 | 4 |
| 2 | 2011-12 | 293 | 1 |
| 3 | 2012-13 | 268 | 4 |
| 4 | 2013-14 | 232 | 9 |
| 5 | 2014-15 | 252 | 8 |
| 6 | 2015-16 | 455 | 49 |
| 7 | 2016-17 | 33 | 26 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - അധിക തുക പിൻവലിച്ചു

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 340158/16-17/30.03.2017 | ₹1,28,000 |
| പ്രോജക്ട് നമ്പർ | 47/17 |
| അടങ്കൽ | ₹1,29,786 |
| നിർവ്വഹണം | സെക്രട്ടറി |

2 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻ പ്രകാരം 12 ക്വട്ടേഷൻ ലഭിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻസ്,

കോട്ടയം, വടവാതൂർ (₹69,000/-) ആണ്. 22.02.2017 കമ്മിറ്റി തീരുമാന പ്രകാരം ടി സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി ₹69,000/-യിൽ നിന്ന് ₹63,000/- ആയി കുറയ്ക്കുകയും ചെയ്തു. എന്നാൽ ബിൽ ബുക്ക് പ്രകാരം ₹1,28,000/- പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നു. ₹1,26,000/- ചെലവഴിക്കേണ്ടതിന് പകരം ₹1,28,000/- ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 11 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച ₹2,000/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ഫയൽ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|---|
| കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ വായ്പാ ഭവന പദ്ധതിയുടെ മുൻ കടം നൽകൽ | 0340130/20.01.2017 | 2,00,000 |
| പദ്ധതി രൂപീകരണം മോണിറ്ററിംഗ് 2016-17 | 0340172/30.03.2017 | 2,49,760 |
| | ആകെ | 4,49,760 |

ഫയലുകൾ ഹാജരാക്കാത്തതിനാൽ ₹4,49,560/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.8, 11 എന്നിവ നൽകിയെങ്കിലും 8-ന്റെ മറുപടിയായി ഫയൽ കണ്ടെത്താനായില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഫയൽ താമസംവിനാ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 സി.ഡി.പി.ഒ. പദ്ധതികൾ നടപ്പാക്കിയില്ല

2016-17 വർഷം സി.ഡി.പി.ഒ.-യ്ക്ക് ₹37,60,226/- വകയിരുത്തി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ ₹3,12,379/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഭിന്നശേഷിയുള്ളവർക്ക് വേണ്ടി വകയിരുത്തിയ ₹2,55,50,256/- ചെലവഴിച്ചിട്ടില്ല. സമൂഹത്തിലെ അശരണരും നിരാലംബരുമായ വ്യക്തികൾക്ക് വേണ്ടി നടപ്പാക്കേണ്ട പ്രോജക്ടുകൾ യഥാസമയം നടപ്പാക്കാതെ പദ്ധതി പണം പാഴാക്കുന്നത് ശരിയായ നടപടിയല്ല.

ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഐ.എ.വൈ. അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക്പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മൂന്ന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരുപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/ബാങ്ക് ശാഖ | അക്കൗണ്ട് നം. | നീക്കിയിരിപ്പ് തുക ₹ (31.03.2017) | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | IAY കേന്ദ്രവിഹിതം | 7850 | 30,650 | - |
| 2 | IAY സംസ്ഥാന വിഹിതം | 18003 | 27,88,659 | - |
| 3 | IAY പ്ലാൻ | 8545 | 3,86,76,379 | |
| 4 | സർക്കാർ വിഹിതം | 20238 | 12,995 | |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മൂതനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2015-16 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ

അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

**********************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

*ഈയിനത്തിൽ തൻവർഷം ലഭിച്ച ₹17,260/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.*

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1998-99 | 34 | 7500 | മൻമദൻ നായർ | 96/15.04.2016 |
| 2001-02 | 6 | 9760 | മൻമദൻ നായർ | 98/15.04.2016 |
| | ആകെ | 17260 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | | ജനകീയാസൂത്രണപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | |
| 1998-99 | - | 2002-03 | 32 | മത്സ്യബൂത്തിന് അനധികൃതമായി തുക നൽകി | |
| 1999-2000 | | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ്-ധനാപഹരണം | |
| 1998-99 | | 2002-03 | 33 | ബോധവൽക്കരണ വൈദ്യസഹായക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | |
| 2001-02 | 6(1) | 2004-05 | 2(2) | ഫോട്ടോകോപ്പിയറിന് അധിക തുക നൽകി | |
| 2005-06 | 2-8 | 2009-10 | 3-10 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹12,52,93,737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,56,34,520 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹17,15,692 |

ബി**)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | - | 2000 | ശ്രീ. പി. കെ. വിശ്വൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 708093 | ₹256818/- ഡോ. രഞ്ജിനി ജോൺസൺ<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| | | ₹451275/- ഡോ. കെ. ആർ. സുരേഷ് |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-2 | 150000 | ശ്രീ. പി. കെ. വിശ്വൻ, സെക്രട്ടറി |
| 3-3 | 407839 | ശ്രീ. പി. കെ. വിശ്വൻ, സെക്രട്ടറി |
| 3-6 | 449760 | ശ്രീ. പി. കെ. വിശ്വൻ, സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. കെ. വിശ്വൻ, സെക്രട്ടറി | അടുത്തുങ്ങൺ പറ്റി | പാലായിൽ<br>അടിമാലി പി. ഒ.<br>ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ.-3/488/99/ 08.01.99/31.05.99 | |
| 1997-98 | എൽ.എഫ്.ഐ.3/489/99/ 27.02.99/31.05.99 | |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | |
| 1999-2000 | എൽ.എഫ്.ഐ.3/82/02/253/02/ 11.07.02 | |
| 2000-01 | എൽ.എഫ്.ഐ.3/445/03/ 07.11.03/29.11.2003 | |
| 2001-02 | എൽ.എഫ്.ഐ.4/230/04/ 04.11.04/11.01.05 | |
| 2002-03 | ചെലവ് ഓഡിറ്റ് മാത്രം | |
| 2003-04 | | |
| 2004-05 | | |
| 2005-06 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | |
| 2006-07 | എൽ.എഫ്.ഐ.4/237/10/ 04.01.11/04.06.11 | |
| 2007-08 | എൽ.എഫ്.ഐ.4/236/10/ 04.01.11/07.06.11 | |
| 2008-09 | എൽ.എഫ്.ഐ.4/784/11/ 19.12.11/31.03/12 | |
| 2009-10 | എൽ.എഫ്.ഐ-4/783/11/ 19.12.11/31.03.12. | |
| 2010-11 | എൽ.എഫ്.ഐ.-4/286/13/ 08.04.13/13.11.13 | |
| 2011-12 & 2012-13 | എൽ.എഫ്.ഐ.-4/254/14/06.05.14/10.09.14 | |
| 2013-14 & 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/1399/2015 /16.12.2015 | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/286/2017/14.03.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-13/1618/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ

ഫോൺ നം. : 04862 227332

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 24.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-13/1618/2017

Kerala State Audit Department
District Audit Office,Idukki
Ph:04862-227332
e-mail:doidk.ksad@kerala.gov.in
Dt: 24.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of *IDUKKI BLOCK* Panchayat in Idukki District for the year ended on *31-03-2017* in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of *IDUKKI BLOCK* Panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure .

SENIOR DEPUTY DIRECTOR
IDUKKI